# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുണ്ടേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/46/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുണ്ടേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/46/2023 തീയ്യതി: 25/03/2023

## കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-02-2022 മുതൽ 04-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീ.രാജിലൻ എം.സി. | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷൈമകുമാരി എസ്.എൽ., ഓഡിറ്റ് ഓഫീസർ, ഹ.ഗ്രേ.
ശ്രീ.ഗണേശൻ കെ., അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി വനജ മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീനാഥ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനിഷ എ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.പ്രകാശൻ കെ. | സെക്രട്ടറി | 01-04-2021 | 08-07-2021 |
| ശ്രീ.കെ.രാജൻ | സെക്രട്ടറി | 09-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കൃഷ്ണപ്രസാദ്.ടി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. പത്മരാജ്.പി.കെ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.മറീന മാത്യൂ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2021 | 22-10-2021 |
| ഡോ.മീന രാഘവൻ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 23-10-2021 | 31-03-2022 |
| ശ്രീമതി.സോന.എം.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.വീണ.പി | മെഡിക്കൽ ഓഫീസർ -ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ്.ടി.ആർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.അനശ്രീ.കെ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രിയ.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ചന്ദ്രൻ.കെ.പി | ഹെഡ് മാസ്റ്റർ | 01-04-2021 | 28-09-2021 |
| ശ്രീ.ഹരീന്ദ്രൻ കൊയിലോടൻ | ഹെഡ് മാസ്റ്റർ | 29-09-2021 | 31-03-2022 |
| ശ്രീമതി.മഹിജ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.സുജിത്ത് പി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കാഞ്ഞിരോട്) | 01-04-2021 | 31-03-2022 |
| ശ്രീമതി സീമ ഇ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (മുണ്ടേരി) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക 2021-22 | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | സാമൂഹ്യ ക്ഷേമ പെൻഷനുകൾ | 1-6 |
| 8 | മരണശേഷവും പെൻഷൻ തുക അനുവദിച്ചു | 1-6-1 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 10 | തൊഴിലുറപ്പ് പദ്ധതി-അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. | 1-7-1 |
| 11 | ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം | 1-8 |
| 12 | ഗ്രാമ സഭ | 1-9 |
| 13 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 |
| 14 | ആസ്തിപരിപാലനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-11 |
| 15 | ജീവനക്കാരുടെ തൊഴി**ൽ** നികുതി ഒടുക്കു വരുത്തിയതിലെ അപാകതക**ൾ** -500 രൂപ നഷ്ടം | 1-12 |
| 16 | സ്ഥാപന തൊഴി**ൽ** നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 17 | 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽ പെടുത്തി വസ്തുനികുതി ഈടാക്കി | 1-14 |
| 18 | കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി ഈടാക്കി | 1-15 |
| 19 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി | 1-16 |
| 20 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്- സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 1-17 |
| 21 | കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-18 |
| 22 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല -6000രൂപ നഷ്ടം | 1-19 |
| 23 | എഫ്.ടി.ഇ & ഒ എസ് ലൈസ**ൻ**സ് അനുവദിച്ചതിലെ അപാകതക**ൾ** സംബന്ധിച്ച്. | 1-20 |
| 24 | കെട്ടിട നിർമാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലെ അപാകതകൾ | 1-21 |
| 25 | ടെണ്ടർ ഫീ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് | 1-22 |

| | | |
|---|---|---|
| | ചെയ്തിട്ടില്ല. | |
| 26 | കരാർ ചമയ്ക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയിട്ടില്ല | 1-23 |
| 27 | അങ്കണവാടി പോഷകാഹാരം - പദ്ധതി അപാകതകൾ | 1-24 |
| 28 | കാഴ്ച വൈകല്യമുള്ളവർക്ക് ലാപ് ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -പദ്ധതി അപാകതകൾ | 1-25 |
| 29 | മൃഗാശുപത്രിക്ക് ഇൻവേർട്ടർ വാങ്ങൽ (സ്പിൽ ഓവർ)- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹45000 രൂപ തടസപ്പെടുത്തുന്നു. | 1-26 |
| 30 | താറാവ് വിതരണം- രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല. ചെലവ് തുക ₹120000 തടസപ്പെടുത്തുന്നു. | 1-27 |
| 31 | കന്നുകുട്ടികളെ ദത്തെടുക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-28 |
| 32 | ആർദ്രം പദ്ധതി, ഇവനിംഗ് ഒ പി നടപ്പിലാക്കൽ - ചെലവു രേഖകൾ ലഭ്യമാക്കിട്ടില്ല | 1-29 |
| 33 | പാലിയേറ്റീവ് പരിചരണ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല.ചെലവ് തുക 596448 രൂപ തടസപ്പെടുത്തുന്നു. | 1-30 |
| 34 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല -₹99999-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 35 | എസ്.എസ്.കെ. വിഹിതം നൽകിയത്- ആനുവൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-32 |
| 36 | തുല്യതാ പഠനം – സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും രശീത് ലഭ്യമാക്കിയില്ല. | 1-33 |
| 37 | പദ്ധതി നിർവ്വഹണം - ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല, ചെലവുതുക 379420/- രൂപ തടസ്സപ്പെടുത്തുന്നു. | 1-34 |
| 38 | വാട്ടർ ടാങ്ക് വാങ്ങൽ (പട്ടികജാതി)-അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 39 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ (പട്ടികജാതി)-അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-36 |
| 40 | ഐ കെ എം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-37 |
| 41 | ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഫർണ്ണിച്ചർ,കാബിൻ സൗകര്യം-സ്റ്റോക്ക് രജിസ്റ്ററും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-38 |
| 42 | സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചത്-സർക്കാറിന്റെ തുടർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-39 |
| 43 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 1-40 |

| | | |
|---|---|---|
| 44 | ടെണ്ടർ ബിലോ തുക ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടില്ല - 9565 രൂപയും ജി എസ് ടി ഇനത്തിൽ 1150 രൂപയും ഉൾപ്പെടെ ആകെ 10715രൂപ നഷ്ടം | 1-41 |
| 45 | വാഹനവാടക - 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. | 1-42 |
| 46 | കാലാവധിക്കകം പൂർത്തീകരിക്കാത്ത റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കാത്തത് | 1-43 |
| 47 | ജി എസ് ടി ഇനത്തിൽ തുക അധികം അനുവദിച്ചത് 20933രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-44 |
| ഭാഗം **2** | | |
| 1 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്ക് വരുത്തിയതിലെ അപാകതകൾ - 500രൂപ നഷ്ടം | 2-1 |
| 2 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.6000/-രൂപ നഷ്ടം | 2-2 |
| ഭാഗം **3** | | |
| 1 | ടെണ്ടർ ബിലോ തുക ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടില്ല - 9565 രൂപയും ജി എസ് ടി ഇനത്തിൽ 1150 രൂപയും ഉൾപ്പെടെ ആകെ 10715രൂപ നഷ്ടം | 3-1 |
| 2 | ജി എസ് ടി ഇനത്തിൽ തുക അധികം അനുവദിച്ചത് 20933രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ ഭരണസമിതിയുടെ 20-2-2021 ലെ 33/21 നമ്പർ യോഗതീരുമാനപ്രകാരം അംഗീകരിച്ച 2021 -22 സാമ്പത്തിക വർഷത്തെ ബജറ്റ് ചുവടെ കൊടുക്കുന്നു.

| | ബജറ്റ് തുക |
|---|---|
| മുൻബാക്കി | 39741324 |
| വരവ് | 196074500 |
| ആകെ വരവ് | 235815824 |
| ചെലവ് | 205467546 |
| നീക്കിയിരിപ്പ് | 30348278 |

| പരിഷ്കരിച്ച ബജറ്റ് | |
|---|---|
| മുൻബാക്കി | 49463145 |
| വരവ് | 196074500 |
| ആകെ വരവ് | 245537645 |
| ചെലവ് | 213717546 |
| നീക്കിയിരിപ്പ് | 31820099 |

## 1-2 വാർഷിക ധനകാര്യപത്രിക 2021-22

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2022 | 30-8-22 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1.2020-21സാമ്പത്തിക വർഷം B-1(Panchayath Fund General Fund) ഷെഡ്യൂളില നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയും (2887417രൂപ) 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയും (12283644രൂപ)തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2..B11(a) Schedule പ്രകാരമുള്ള ഡിപ്രീസിയേഷൻ തുകകൾ കണക്കാക്കിയതിന്റെ സൂചകങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3.2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

4.ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ തുക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഹോണറേറിയം ഇനത്തിൽ അനുവദിക്കേണ്ട തുക ഉൾപ്പെടുത്തിയിട്ടില്ല.

5.വസ്തുനികുതി ഡിമാന്റ് വാർഷിക ധനകാര്യപത്രികയും സഞ്ചയയിലെ വിവരവുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം(I-1) | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം |
|---|---|---|
| Residential | 3487230 | 3433458 |
| Non Residential | 1644136 | 1640023 |

6.വാറ്റ് ഇനത്തിലെ വരവ് സമയബന്ധിമായി ഒടുക്കാതെ B-9 ഷെഡ്യൂളിൽ ( Government And Other Dues Payable -Value Added Tax) നീക്കിയിരിപ്പ് (43470 രൂപ) രേഖപ്പെടുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

7.B-11 Schedule ന് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8.വാർഷിക ധനകാര്യ പത്രികയിലെ ബി.11(d) ഷെഡ്യൂളിൽ വാഹനത്തിന്റെ ആസ്തിമൂല്യം 4469/- രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. വാഹനത്തിന്റെ മുഴുവൻ മൂല്യം രേഖപ്പെടുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 25019803 |
| വരവ് തുക | 115496336 |
| ആകെ | 140516139 |
| ചെലവ് തുക | 102394349 |
| നീക്കിയിരിപ്പ് | 38121790 |
| വരവിനങ്ങളിലുള്ള നഷ്ടം | 6500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31648 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1240867 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 20242236 | 20242236 | 19570600 | 671636 |
| വികസനഫണ്ട്-എസ് സി പി | 0 | 2867270 | 2867270 | 2850499 | 16771 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 16913578 | 16913578 | 16261407 | 652171 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7535849 | 7535849 | 4126387 | 3409462 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 0 | 4745828 | 4745828 | 3972882 | 772946 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 11541600 | 11541600 | 2387507 | 9154093 |
| തൊഴിലുറപ്പ് പദ്ധതി | 1250 | 34463675 | 34464925 | 34463416 | 1509 |
| ടി എസ് സി | 80000 | 0 | 80000 | 0 | 80000 |
| അംഗൻവാടി പോഷകാഹാരം | 1563033 | 1677306 | 3240339 | 2029468 | 1210871 |
| മറ്റ് ഗ്രാന്റുകൾ | 207844 | 0 | 207844 | 0 | 207844 |
| സാക്ഷരത | 76934 | 2236 | 79170 | 0 | 79170 |
| ശുചിത്വമിഷൻ | 2066771 | 144000 | 2210771 | 1708102 | 502669 |
| കുടുംബശ്രീ | 784740 | 13203 | 797943 | 0 | 797943 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പൂർത്തിയാക്കിയ പദ്ധതികളുടെ (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 187 | 159 | 119 | 40 | 28 | 64 |

| ക്രമ നം | | പദ്ധതി അടങ്കൽ | അംഗീ കരിച്ച പദ്ധതി കളുടെ എണ്ണം | പദ്ധതി ചെലവ് | ചെല വഴിച്ച പദ്ധതി കളുടെ എണ്ണം | പദ്ധതി ചെലവ് % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7430765 | 9 | 6923663 | 9 | 93 |
| 2 | വെറ്ററിനറി സർജ്ജൻ | 1500000 | 4 | 557500 | 4 | 37 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) | 2558215 | 7 | 1678137 | 5 | 66 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദ ) | 700000 | 1 | 700000 | 1 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -മുണ്ടേരി | 11453117 | 11 | 6857101 | 11 | 60 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -കാഞ്ഞിരോട് | 4086000 | 11 | 2495874 | 10 | 61 |
| 7 | ഐസി ഡി എസ് സൂപ്പർവൈസർ | 10189690 | 6 | 9563993 | 6 | 94 |
| 8 | സെക്രട്ടറി | 8358963 | 27 | 5200860 | 16 | 62 |
| 9 | അസിസ്റ്റന്റ് എഞ്ചിനിയർ | 43118332 | 94 | 32277262 | 85 | 75 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 916000 | 5 | 619754 | 5 | 68 |
| 11 | ഹെഡ് മാസ്റ്റർ | 1940000 | 7 | 1624050 | 4 | 84 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1233631 | 4 | 379420 | 2 | 31 |
| 13 | ഡയറി ഫാം ഇൻസ്പെക്ടർ | 737000 | 1 | 737000 | 1 | 100 |
| | ആകെ | 94221713 | 187 | 69614614 | 159 | 74 |

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, വെറ്റിനറി സർജ്ജൻ, വി ഇ ഒ& സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് ശതമാനം താരതമ്യേന കുറവാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിലെ പ്രായോഗിക ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തി, ലഭ്യമായ തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-6 സാമൂഹ്യ ക്ഷേമ പെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 7068800 | 433 |
| വിധവാപെൻഷൻ | 22935000 | 1493 |
| വാർദ്ധക്യകാല പെൻഷൻ | 43251800 | 2937 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 6554800 | 420 |
| അവിവാഹിത പെൻഷൻ | 3187200 | 215 |
| വിവാഹ | 510000 | 17 |

| | | |
|---|---|---|
| ധനസഹായം | | |
| തൊഴിലില്ലായ്മ വേതനം | 28560 | 14 |

## 1-6-1 മരണശേഷവും പെൻഷൻ തുക അനുവദിച്ചു

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷ കാലത്ത് ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണാൻ സാധിച്ചു.

1. മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾ

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്സ് | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | ചന്ദ്രൻ കെ | 11143020048 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28/04/2021 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022 ജനവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപി ച്ചിട്ടുണ്ട്. | 14,400 |
| 2 | സി.അബ്ദുൾഖാദർ ഹാജി | 111430202579 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27/05/2021 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 20,800 |
| 3 | യശോദ.പി | 111430201685 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28/05/2021 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 28,800 |
| 4 | കെ.ടി.മുഹമ്മദ് | 111430201028 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10/07/2020 (രജിസ്റ്റർ ചെയ്തത് 27/07/21 ന്) | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ആഗസ്റ്റ് മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ | 20,000 (1500x8 1600x5) |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നിക്ഷേ പിച്ചിട്ടുണ്ട്. | |
| 5 | പി.വി. പുരുഷോത്തമൻ | 111430202550 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14/06/2021 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 19,200 |
| 6 | മുഹമ്മദ്.പി.കെ | 111430200600 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17/08/2021 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ഡിസംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 6,400 |
| 7 | രാഘവൻ.കെ | 111430201130 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23/11/2021 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2021 ഡിസംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 1600 |
| 8 | സി.എം.രാമദാസ് | 111430202533 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30/11/2021 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 ആഗസ്റ്റ് മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 14,400 |
| 9 | സരസ | 111430600633 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാപെൻഷൻ | 18/01/2022 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ | 16,000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പിച്ചിട്ടുണ്ട്. | |
| 10 | പോരുക്കണ്ടി ശാരദ | 111430203953 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18/01/2022 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 16,000 |
| 11 | തങ്കമണി പി എം | 111430203717 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22/01/2022 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 16,000 |
| 12 | കെ കരുണാകരൻ | 111430203545 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08/01/2022 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 8,000 |
| 13 | ടി.പി.ദേവകി | 111430202512 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 04/01/2022 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. പ്രസ്തുത വ്യക്തി 2021 ഡിസംബർ മാസം വരെ ഇന്ദിരാ ഗാന്ധി ദേശീയ വിധവാപെൻഷൻ ഇനത്തിലും തുക കൈപ്പറ്റിയിട്ടുണ്ട് (ഡയറക്റ്റ് ടു ഹോം ഇനത്തിൽ). | 4800 |

| | | | | | | |
|---|---|---|---|---|---|---|
| 14 | കുണ്ടത്തിൽ കൌസല്യ | 111430600025 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാപെൻഷൻ | 10/02/2022 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 3200 |
| 15 | കെ.കുഞ്ഞിമുഹമ്മദ് | 111430200684 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/02/2022 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 14,400 |
| 16 | പുരുഷോത്തമൻ.കെ | 111430202633 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01/03/2022 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 ഒക്ടോബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 11,200 |
| ആകെ | | | | | | 215200 |

2. മുണ്ടേരി പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | തദ്ദേശ സ്വയംഭരണ സ്ഥാപനം | റിമാർക്സ് | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 1 | കെ ദേവകി | 111380200025 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16/07/2021 | കണ്ണൂർ കോർപ്പ റേഷൻ | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 25,600 |
| 2 | മലാടത്ത് ശ്യാമള | 111310600106 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ | 19/11/2021 | ചിറക്കൽ | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 | 19,200 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പെൻഷൻ | | | നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | |
| 3 | നാരായണി എം | 102180200569 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക് യകാല പെൻഷൻ | 19/12/2021 | തളിപ്പറമ്പ മുനിസി പ്പാലിറ്റി | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022 ജനവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 1,600 |
| 4 | സദാനന്ദൻ കെ | 111310200371 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധ ക്യകാല പെൻഷൻ | 06/03/2022 | ചിറക്കൽ | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേ പിച്ചിട്ടുണ്ട്. | 12,800 |
| ആകെ | | | | | | | 59200 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 45 തീയതി 13.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മുണ്ടേരി ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ധനകാര്യ (എസ് എഫ് ബി - ബി) വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന തീയതി 02.08.2021 പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാരിന്റെ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10 ാം തീയതിക്കു മുൻപ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് സമയബന്ധിതമായി നീക്കം ചെയ്യുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ മേൽ നിർദ്ദേശം പാലിച്ചു വരുന്നുണ്ടോ എന്ന് വ്യക്തമല്ല.

മുണ്ടേരി ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളി | - | 33644651 | 33644651 | 33644651 | - |

| | | | | | |
|---|---|---|---|---|---|
| കളുടെ കൂലി, മെറ്റീരിയൽ കോസ്റ്റ് മുതലായവ | | | | | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1250 | 819024 | 820274 | 818765 | 1509 |
| ആകെ | 1250 | 34463675 | 34464925 | 34463416 | 1509 |

## 1-7-1 തൊഴിലുറപ്പ് പദ്ധതി-അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

31.03.12 ലെ സ ഉ (കൈ) 93/2012/തസ്വഭവ ഉത്തരവു പ്രകാരമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17 ലെ സ ഉ (കൈ)നം 254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കപ്പെട്ടിട്ടില്ല.വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ കരാറുകാർക്ക് തുക നൽകുന്നത് ക്രമപ്രകാരമല്ല .

2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്ന് 2% തുക ജി എസ് ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ ഇ ജി എസ് - സി /16/ആർ ഇ ജി എസ് നമ്പർ സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനായി നടത്തുന്ന എം ഐ എസി ൽ ജി എസ് റ്റി ഉറവിടത്തിൽ തന്നെ കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/ സപ്ലൈയർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് ബിൽ തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ 2,50,000/-രൂപയോ അതിന് മുകളിലോ വരുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം വെണ്ടർ/സപ്ലൈയർമാരിൽ നിന്ന് അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെയാണ് ബിൽ തുക അനുവദിച്ചത്. അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെ വെണ്ടർ/ സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | എംബുക്ക് നമ്പർ | പ്രവൃത്തി മൂല്യം | മെറ്റീരിയൽ ചെലവ് |
|---|---|---|---|---|
| 1 | മൂലക്കൽ വീട് മുണ്ടേരി വയൽ സംരക്ഷണം | 207/21-22 | 359436 | 305212 |
| 2 | ഏച്ചൂർ കോട്ടം നാദിയൻച്ചാൽ റോഡ് സംരക്ഷണം | 206/21-22 | 364311 | 306891 |
| 3 | പി ജി ബേക്കറി ചാത്തോത്ത് ജനാർദ്ദനൻ റോഡ് സംരക്ഷണം | 65/21-22 | 454135 | 365578 |
| 4 | കൊല്ലംചിറ അംഗൻവാടി റോഡ് സംരക്ഷണം | 103/21-22 | 382578 | 305510 |
| 5 | ഏച്ചൂർ ഇലക്ട്രിക്ക് ഓഫീസ് ഇ -പറമ്പ് റോഡ് | 201/21-22 | 386179 | 337282 |
| 6 | നാദിയൻചാൽ മലയൻച്ചാൽ റോഡ് സംരക്ഷണം | 83/21-22 | 373051 | 307449 |
| 7 | കാവുംകാട്ടിൽ കക്കന്നോൻപറമ്പ് മുണ്ടശ്ശേരി | 85/21-22 | 432306 | 364153 |
| 8 | പന്ന്യോട്ട് കനാൽ മഞ്ചക്കണ്ടി റോഡ് സംരക്ഷണം | 84/21-22 | 323418 | 260418 |

കരാറുകാരിൽ നി ന്നും ജി എസ് ടി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടുന്നില്ല .സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് വരുമാനനഷ്ടം .

കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/- രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ പ്രവൃത്തികളിലെ രണ്ട് ലക്ഷത്തിൽ രൂപയിലധികമുള്ള എല്ലാ കരാറുകളും 200/ രൂപയുടെ മുദ്രപത്രത്തിലാണ് ചമച്ചിട്ടുള്ളത്.സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടാതിരുന്നത് മൂലം സംസ്ഥാനസർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ട തുകയിൽ നഷ്ടമുണ്ടായിട്ടുണ്ട്. ഇത് ഒഴിവാക്കാൻ ആവശ്യമായ കർശന നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

3)മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല .

A)മെറ്റീരിയൽ തുക അനുവദിക്കുന്നതിന് മുൻപ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് തുക പാസാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.മെറ്റിരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്തിയിട്ടില്ല.

B)മെറ്റീരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകളായി സമർപ്പിച്ചിട്ടുള്ളത് സാധനങ്ങൾ വാങ്ങിയ സ്ഥാപനത്തിൽ നിന്നും ലഭ്യമായ ബില്ലുകളല്ല .

4)തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണം - ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്യുന്നില്ല .

മഹാത്മഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധയിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണവിവരങ്ങൾ സെക്യൂർ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ആസ്തിരജിസ്റ്ററിൽ(സചിത്ര സോഫ്റ്റ് വെയറിൽ) രേഖപ്പെടുത്തി കാലികമാക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടത് അനിവാര്യമായ ഘടകമായിരിക്കെ ആസ്തി രജിസ്റ്റർ കാലികമാക്കാതിരുന്നത് വീഴ്ചയാണ്.റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്താതെയിരിക്കുന്നതും അപാകമാണ്.2021-22 വർഷം സൃഷ്ടിച്ച പൊതു ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം

മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2023 തീയതിയിൽ രാവിലെ 11.30 മണി സമയത്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് തുക 5534 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ഗ്രാമ സഭ

മുണ്ടേരി ഗ്രാമ പഞ്ചായത്തിൽ ആകെ 20 വാർഡുകൾ ഉണ്ട്. 2021-22 വർഷത്തെ ഗ്രാമ സഭ മിനുട്സ് പരിശോധിച്ചതിൽ, വർഷത്തിൽ 1 തവണ മാത്രമേ ഗ്രാമ സഭ ചേർന്നിട്ടുള്ളൂ എന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ വിവിധ പദ്ധതികൾക്ക് ആവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്തുകയുണ്ടായി. 2022 ജനവരി, മാസത്തിൽ ആണ് ഗ്രാമ സഭ ചേർന്നിട്ടുള്ളത്. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3-3 പ്രകാരം വർഷത്തിൽ മൂന്ന മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമ സഭ യോഗം ചേരണമെന്നത് പാലിച്ചിട്ടില്ല. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിലാണ് യോഗം ചേരാൻ സാധിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര - ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ

വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

മുണ്ടേരി ഗ്രാമ പഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. നികുതി പിരിവ് 100% കൈവരിക്കുന്നതിനായി ഊർജിതമായ നടപടികൾ സ്വീകരിച്ചു വരുന്നതായി കാണാൻ കഴിഞ്ഞു. രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റ്, ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന വിവിധ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് സംബന്ധിച്ച എ.സി.ആർ സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി 2021-22 ൽ മൂന്നു തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചു വരുന്നില്ല. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലകസംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിവിധ തലത്തിലുള്ള 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾ കാര്യക്ഷമമായി നിർവഹണം നടത്തി എന്നത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തമാണ്. എന്നാൽ വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല. അസിസ്റ്റന്റ് എഞ്ചിനീയർ, ഐ സി ഡി എസ് സൂപ്പർവൈസർ എന്നിവർ നിർവഹണം ചെയ്ത പദ്ധതികളുടെ ഒഴികെ മോണിറ്ററിംഗ് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പുകളുടെ 2021-22 വർഷത്തിൽ ചേർന്ന യോഗങ്ങളുടെ തീരുമാനങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ യഥാസമയം യഥാവിധി നടത്തേണ്ടതും പദ്ധതി നിർവഹണത്തിന്റെ അവസാന കാലത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതി നിർവഹണം പ്രൊജക്ടിൽ വിഭാവനം ചെയ്ത വിധം നിർവഹിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-11 ആസ്തിപരിപാലനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മുണ്ടേരി ഗ്രാമ പഞ്ചാത്തിലെ വിവധ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/12.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.മുണ്ടേരി ഗ്രാമ പഞ്ചാത്തിലെ ആസ്തി പരിപാലനം കാര്യക്ഷമമാണോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

1.ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി നിർമ്മിക്കപ്പെട്ടതും നിശ്ചിത ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയാത്തതുമായ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് ഏത് സാമ്പത്തിക വർഷം വരെയുള്ള അടിസ്ഥാന ഭൂനികുതി വില്ലേജ് ഓഫീസുകളിൽ ഒടുക്കിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

3.ഓഡിറ്റ് വർഷം ഭൂനികുതി ഒടുക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

4.ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5.ഗ്രാമപഞ്ചായത്ത് പരിധിയിൽ പകൽവീടുകൾ /വൃദ്ധ സദനങ്ങൾക്ക് വേണ്ടി നിർമിച്ച എല്ലാ കെട്ടിടങ്ങളും നിശ്ചിത ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല

6.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കിയ ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

7.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട പൊതു ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

8.വിവിധ വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് പരിധിയിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതികളിൽ (ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ നിർമ്മിച്ചവ ഉൾപ്പെടെ) നിഷ്ക്രിയമായവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ ആസ്തിപരിപാലനം സംബന്ധിച്ച മേൽ പറഞ്ഞ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ -500 രൂപ നഷ്ടം

2021-22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

A) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയത് കുറവാണെന്ന് കാണാൻ സാധിച്ചു.

| സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| കാഞ്ഞിരോട് സെൻട്രൽ എൽ പി സ്കൂൾ | നിമിഷ സി ഉത്തമൻ | LPST | I | 1,30,680 | 1000 | 1250 | 250 |
| | നിഖില ഒ | LPST | I | 1,30,680 | 1000 | 1250 | 250 |

B) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 12 | ICDP സബ് സെന്റർ, മുണ്ടേരി | I,II |
| 13 | ICDP സബ് സെന്റർ, കാഞ്ഞിരോട് | I,II |
| 27 | മൻഷ ഉൽ ഉലൂം എം എൽ പി സ്കൂൾ | I,II |
| 61 | മാവിൻകീഴ് കള്ള് ഷാപ്പ് | I |
| 65 | ഏച്ചൂർ കള്ള് ഷാപ്പ് | I |
| 66 | കാഞ്ഞിരോട് കള്ള് ഷാപ്പ് | I |
| 85 | സ്വീറ്റ്സ് ബേക്കറി | I |
| 87 | സ്റ്റാർ ഫാബ്രിക്കേഴ്സ് | I,II |
| 92 | കെ കെ ട്രേഡേർസ്, കുടുക്കിമൊട്ട | I |
| 95 | നാഷണൽ സ്റ്റീൽസ്, മുണ്ടേരിമൊട്ട | I,II |
| 98 | ഗ്രാമ്യ ഫ്ലോർമിൽ | I |
| 99 | ദിദി ഡെന്റൽ കെയർ | I,II |
| 100 | എം എസ് ഇൻഡസ്ട്രീസ് | I,II |
| 107 | ദേവരാഗ് അസോസിയേറ്റ്സ്, കാഞ്ഞിരോട് | I,II |

C) പഞ്ചായത്തുമായി മരാമത്ത് പ്രവർത്തികൾക്കായി 2021-22-ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

D) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37 തീയതി 13.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 2021-22 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി ഒടുക്കവരുത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | KSEB ഏച്ചൂർ | I & II |
| 2 | കാഞ്ഞിരോട് ക്ഷീരോൽപാദക സഹകരണ സംഘം | II |
| 3 | കാഞ്ഞിരോട് കോ ഓപ്പറേറ്റീവ് ബാങ്ക്, കുടത്തുവയൽ ബ്രാഞ്ച് | I |
| 4 | നളന്ദ കോളേജ് | I,II |
| 5 | കെ എം ജെ ഇംഗ്ലീഷ് മീഡിയം സ്കൂൾ | II |
| 6 | കൊയ്യോട് ചിറ കള്ള് ഷാപ്പ് | I |
| 7 | മാവിൻകീഴ് കള്ള് ഷാപ്പ് | I |
| 8 | കാഞ്ഞിരോട് കള്ള്ഷാപ്പ് | I |
| 9 | ഏച്ചൂർ കള്ള്ഷാപ്പ് | I |
| 10 | മൾട്ടി സ്പെഷ്യാലിറ്റി ദെന്തൽ കെയർ | II |
| 11 | നെഹർ ആർട്ട്സ് & സയൻസ് കോളേജ് | I & II |
| 12 | മുണ്ടേരി വനിതാ സഹകരണ സംഘം | II |
| 13 | കാനന്നൂർ കൺസ്യൂമർ വെൽഫെയർ സർവീസ് സഹകരണ സംഘം | II |
| 14 | മാവേലി സ്റ്റോർ, കാഞ്ഞിരോട് | II |
| 15 | അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസേർസ് വെൽഫെയർ സൊസൈറ്റി | II |
| 16 | ഊർജ്ജശ്രീ ന്യൂട്രിമിക്സ് | II |
| 17 | സ്വീറ്റ്സ് ബേക്കറി, കാഞ്ഞിരോട് | I & II |
| 18 | സ്വീറ്റ്സ് ബേക്കറി, കുടുക്കിമൊട്ട | I & II |
| 19 | മാവേലി സ്റ്റോർ, ഏച്ചൂർ | I & II |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38 തീയതി 13.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്ത് തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-14 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽ പെടുത്തി വസ്തുനികുതി ഈടാക്കി

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 40 രൂപയും വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 60 രൂപയുമാണ്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽ പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | കെട്ടിടത്തിന് ഈടാക്കിയ | കെട്ടിടത്തിന് ഈടാക്കേണ്ട |
|---|---|---|---|---|---|

| | വിലാസവും | | (ച.മീ) | അടിസ്ഥാന നികുതി നിരക്ക് | അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | മുഹമ്മദ് അലി പുന്നക്കൈ | 19/80 E | താഴത്തെ നില 241.5 ച.മീ | 40 | 60 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17 തീയതി 11.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തെ സംബന്ധിച്ച് കെട്ടിട നികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കേണ്ടതും സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-15 കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി ഈടാക്കി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കുന്നത്.

| ക്രമ നം | ഇനം | നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 M2 വരെയുള്ള കെട്ടിടം. | 40 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 M2 ന മുകളിലുള്ള കെട്ടിടം. | 60 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 M2 വരെയുള്ള കെട്ടിടം. | 40 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 M2 ന മുകളിലുള്ള കെട്ടിടം. | 80 |

എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി (₹/M2) |
|---|---|---|---|---|---|
| 1 | അബ്ദുൽ സമദ്.വി.പി, അൽ വഹ",കയ്യങ്കോട് | 3/495 B,C,D, E,F,G,H,I,J,K,L,M,N,O, P,Q,R,S,T,U,V,W | 40+59+59+77+55.2+51+ 67+67+57+62+32+ 40+59+59+77+55.2+51+ 67+67+57+62+32 | 40 | 60 |
| 2 | ചൂലോട്ട് പുതിയപുരയിൽ ഫൌസിയ, ഫൌമിനാസ്, തലമുണ്ട | 8/278 A,B,G | 49.93+49.93+10.32 | 40 | 60 |

| | | | | | |
|---|---|---|---|---|---|
| 3 | ജോഷികൃഷ്ണൻ.കെ.പി, "ശ്രേയസ്സ്", തലമുണ്ട | 9/249 E,F,G,H | 35.3+35.04+35.3+35.04 | 40 | 60 |
| 4 | അരുൺ കുമാർ പുതുക്കുടി, 'സായന്തനം', വാരം | 9/481 H,I,J,K,L,M,N,O,P | 27.549+27.549+28.243+ 28.243+27.549+ 27.549+27.549+ 27.549+27.549 | 40 | 60 |
| 5 | ജോഷി വലിയ വീട്ടിൽ, കൃഷ്ണ പുരം, കുടുക്കിമൊട്ട | 13/1 A,C,D,E,F,G,H,I,J,K,L,M | 18.84+23.41+23.41+21.08+ 21.08+20.2+25.73+ 30.35+27.16+28.02+ 28.02+30.35 | 40 | 60 |
| 6 | ചെറിയാണ്ടി ഭാസ്കരൻ, ചൂളിക്കണ്ടി ഹൌസ്, ഏച്ചൂർ | 15/377 A,B,C,D | 46.99+18.73+18.73+18.73 | 40 | 60 |
| 7 | സുരേഷ് കുമാർ.കെ.പി, തിരുവോണം,ഏച്ചൂർ | 16/154 A,B | 65+60 | 40 | 60 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18 തീയതി 11.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളെ സംബന്ധിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നികുതിയിനത്തിൽ കുറവ് വന്ന തുക ഉടമസ്ഥരിൽ നിന്ന് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി

സ.ഉ. (എം.എസ്) 358/15 തി.16.12.2015 പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള വിവിധ കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29 തീയതി 12.01.2023) മറുപടിയായി ഓഡിറ്റ് എൻക്വയറിയിലെ പട്ടികയിൽ പരാമർശിച്ച ഏതാനും കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 13/22 | 96 ച.മീ | കടുവൻ കാർത്ത്യായനി | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 11/200 | 180 ച.മീ | മുണ്ടച്ചാലിൽ ജയരാജൻ | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 11/429 | 175 ച.മീ | കാടിച്ചേരി അനിത | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 2/145 | 72 ച.മീ | കല്ലേൻ ദാസൻ | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 3/425 | 71 ച.മീ | കുലോത്ത് വളപ്പിൽ സീന | രേഖപ്പെടുത്തിയിട്ടില്ല |
| 6 | 11/365 | 68 ച.മീ | മുണ്ടമ്പേത്ത് അച്ചുതൻ | രേഖപ്പെടുത്തിയിട്ടില്ല |
| 7 | 11/261 | 67 ച.മീ | വണ്ണാറക്കൽ രാഘവൻ | രേഖപ്പെടുത്തിയിട്ടില്ല |
| 8 | 2/104 | 63 ച.മീ | പണ്ണേരി നളിനി | രേഖപ്പെടുത്തിയിട്ടില്ല |
| 9 | 20/147 | 63 ച.മീ | പറപ്പാടത്തിൽ നബീസു | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 10 | 6/178 | 100 ച.മീ | കെ കുമാരൻ | രേഖപ്പെടുത്തിയിട്ടില്ല |
| 11 | 11/347 | 108 ച.മീ | എളമ്പിലായി മാധവൻ | രേഖപ്പെടുത്തിയിട്ടില്ല |

മേൽ പട്ടികയിലെ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വ്യക്തമാക്കുകയോ നികുതി ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്- സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സ.ഉ(കൈ) നം.106/2017/തസ്വഭവ തീയതി 26-05-2017 ലെ വ്യവസ്ഥ പ്രകാരം വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വാസഗൃഹങ്ങളുടെ നികുതി ഇളവ് അനുവദിക്കാൻ ഓരോ വർഷവും മാർച്ച് 31 ന് മുൻപ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2021-22 വർഷം നികുതി ഇളവ് അനുവദിച്ച, ചുവടെ ചേർത്ത കെട്ടിടങ്ങളിൽ നിന്നും സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|
| 1 | 153,154,202 |
| 2 | 170,363,442,460,506,522,524 |
| 3 | 45,50,65,75,76,122,179,182,274,354 A,451 |
| 4 | 21,25,51,83,116,222,250,441 A,472 A |
| 5 | 74,130,134,137,206,302,339,351,360,398 |
| 6 | 14,45,35,250,329,335 A,369,405,567,601,605 |
| 7 | 208 |
| 8 | 227,273,280,400 |
| 9 | 147,184,279 |
| 10 | 26,227,251,252,299,336,359,435 |
| 11 | 75,144,205,229,246 |
| 12 | 261,278,321 |
| 13 | 550,593 A |
| 14 | 159,293 A |
| 15 | 102 |
| 16 | 292, 499 |
| 17 | 3,228 B |
| 18 | 391 B |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39 തീയതി 13.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 3/389 | തഹസിൽദാർ, കണ്ണൂർ | 20,306 | 2013 ആദ്യ പകുതി മുതൽ |
| 7/330 | തഹസിൽദാർ, കണ്ണൂർ | 14,841 | 2018 ആദ്യ പകുതി മുതൽ |
| 11/222 C | കനോത്ത് ഭാസ്കരൻ | 1,763 | 2021 രണ്ടാം പകുതി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41 തീയതി 13.01.2023) മറുപടിയായി 3/389, 7/330 എന്നീ കെട്ടിടങ്ങളിൽ നിന്ന് നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ 11/220 C നമ്പർ അനുവദിക്കുന്നതിന് പകരം 11/222 C നമ്പർ കെട്ടിടം തെറ്റായി ഡാറ്റാ എൻട്രി ചെയ്തു പോയതാണെന്നും പ്രസ്തുത കെട്ടിടം ഡിമാൻഡിൽ ഉൾപ്പെടാത്തതാണെന്നും നമ്പർ ഡിസ്പോസ് ചെയ്യുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. മേൽ പട്ടികയിലെ കെട്ടിടങ്ങളെ സംബന്ധിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല -6000രൂപ നഷ്ടം

മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | ഈടാക്കേണ്ട റണ്ണിങ് ഫീസ് (₹) |
|---|---|---|---|---|---|
| 11 | സി എം പ്രേംകുമാർ | സ്വദേശ് ഓയിൽ & ഫ്ലോർ മിൽ | 6/439B | 60 HP | 1000 |
| 12 | ദിൽന സി എം | സ്വദേശ് ഫുഡ് പ്രൊഡക്ട്സ് | 6/439 | 65 HP | 1000 |
| 13 | - | ഊർജ്ജശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് | 13/421 | 15 HP | 200 |
| 17 | ടി എം നൂറുദ്ദീൻ | സൺ റൈസ് ഫ്ലോർ മിൽ | 3/201 B,C | രേഖപ്പെടുത്തിയിട്ടില്ല | - |
| 18 | മാവള്ളി പത്മനാഭൻ | ശോഭ ഫാഷൻസ് | 15/209 | 6 HP | 100 |
| 19 | സി ചന്ദ്രശേഖരൻ | ദിനേശ് ടെക്സ്റ്റൈൽസ് | 13/12 A, B | 40 HP | 400 |
| 24 | പി രാജൻ | ഭവ്യ ഫ്ലോർ മിൽ | 6/494 | 10 HP | 100 |
| 48 | രമാവതി ടി കെ | ടി കെ ഫ്ലോർ മിൽ | 6/499 | 10 HP | 100 |
| 67 | വിലാസിനി കെ | നിജ ഓയിൽ & ഫ്ലോർ മിൽ | 14/146 | 15 HP | 200 |
| 73 | സജീവ് കെ പി | സോഫക്സ് സീറ്റിംഗ് സൊല്യൂഷൻസ് | 11/218 | 10 HP | 100 |
| 102 | ടി സന്തോഷ് കുമാർ | ഡയമണ്ട് പെയിന്റ്സ് | 16/62 | 10 HP | 100 |
| 109 | സുരേഷ് ബാബു | പ്രേമ റൈസ് & ഫ്ലോർ മിൽ | 13/277 | 10 HP | 100 |
| 127 | വിജുല കെ എൻ | വിജീസ് ഫ്ലോർമിൽ | 3/46 A | 10 HP | 100 |
| 151 | പി പി ഗണേശൻ | ശ്രീ ഗണേഷ് ഫ്ലോർമിൽ | 16/494 | 10 HP | 100 |
| 160 | നിധീഷ് ചന്ദ്രൻ | കോംപാസ് ഇൻഫ്രാസ്ട്രക്ചർ & | 5/99,100 | 9 HP | 100 |

| | | | | | |
|---|---|---|---|---|---|
| | | ഡെവലപ്മെന്റ് | | | |
| 182 | സുരേന്ദ്രൻ പി | സംയുക്ത ഫ്ലോർമിൽ | 12/421 C | രേഖപ്പെടുത്തിയിട്ടില്ല | - |
| 191 | അനീഷ് കുമാർ വി വി | അഷിൻ വെൽഡിംഗ് ഇൻഡസ്ട്രീസ് | 4/113 | 9 HP | 100 |
| 193 | കെ പി ഷാജു | ലക്ഷ്മി ഫ്ലോർമിൽ | 18/469 A | രേഖപ്പെടുത്തിയിട്ടില്ല | - |
| 197 | പി കെ ലീല | സന്തോഷ് ഫ്ലോർമിൽ | 17/124 | 10 HP | 100 |
| 203 | രവീന്ദ്രൻ കെ പി | എ സി ഓയിൽ & ഫ്ലോർമിൽ | 15/422 | രേഖപ്പെടുത്തിയിട്ടില്ല | - |
| 230 | തറമ്മൽ ജാനകി | സഹജ ടിമ്പർ ഇൻഡസ്ട്രീസ് | 16/72 | 55 HP | 1000 |
| 237 | രാജപത്മനാഭൻ എ | ശിവശക്തി ഓയിൽ മിൽ | 6/548 | 25 HP | 300 |
| 238 | പി പി മഹിജ | പപ്പി വുഡ് വർക്ക്സ് | 18/588,589 | 7 HP | 100 |
| 260 | നഫീസ ചന്ദ്രോത്ത് | നസ്റാസ് ഫ്ലോർമിൽ | 2/472,473 | രേഖപ്പെടുത്തിയിട്ടില്ല | - |
| 286 | എം സി അബ്ദുൾ റസാക്ക് | കെ സി ഫ്ലോർമിൽ | 20/412 | 10 HP | 100 |
| 289 | സ്റ്റാൻലി വി ജെ | സെന്റ് ജോസഫ് ഫർണിച്ചർ വർക്ക്സ് | 8/150 | 13 HP | 200 |
| 313 | രാമചന്ദ്രൻ സി | ശങ്കർ ഫ്ലോർമിൽ | 6/322 B | 10 HP | 100 |
| 324 | ശംസുദ്ദീൻ കെ | കാനച്ചേരി ഫ്ലോർമിൽ | 20/252 | 10 HP | 100 |
| 350 | എ പി രാജൻ | ബെസ്റ്റ് ഓയിൽ & ഫ്ലോർ മിൽ | 2/184 | 15 HP | 200 |
| | | | | | 6000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28 തീയതി 12.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഇനത്തിലുള്ള തുകകൾ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച്.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്ക് എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1. 31.10.2017 ന് പ്രാബല്യത്തിൽ വന്ന സ ഉ (പി) നം 80/2017, കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ്

ലൈസൻസ് എടുക്കുന്നതിനായി/ പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ/ അന്വേഷണ റിപ്പോർട്ട് ഇല്ലാതെയാണ് ലൈസൻസ് ഫീസ് ഈടാക്കി കാണുന്നത്. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

2. ഗ്രാമ പഞ്ചായത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ലൈസൻസ് ഫീസ് നിശ്ചയിച്ചത് സംബന്ധിച്ച ഭരണ സമിതി യോഗ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

3. ലൈസൻസ് രജിസ്റ്റർ പ്രകാരം 571 സ്ഥാപനങ്ങൾക്കാണ് 2021-22 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ രജിസ്റ്ററിലെ ക്രമ നമ്പർ 492 വരെയുള്ള അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

ഫീൽഡ് തല അന്വേഷണം നടത്തി സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതും ആയതിന് അനുസൃതമായ ലൈസൻസ് ഫീസാണ് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ ലഭിക്കുന്നലൈസൻസ് അപേക്ഷകൾ കൃത്യമായി നമ്പറിട്ട് സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/12.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-21 കെട്ടിട നിർമാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലെ അപാകതകൾ

1) പെർമിറ്റ് രജിസ്റ്റർ അപൂർണമാണ്

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമായേക്കാം. കൂടാതെ കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പെർമിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല .

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ച കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ച മാതൃക യിലുള്ളതല്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക പ്രസ്തുത സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള മാതൃകയിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ടെണ്ടർ ഫീ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമ

പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 1/9-1-23 ന് മറുപടിയായി, 1.4.2018 മുതൽ 31.3.2021 വരെ ആകെ ₹257000ഗ്രാമ പഞ്ചായത്തിന് ഈയിനത്തിൽ ലഭിക്കാനുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു

| വർഷം | തുക |
|---|---|
| 2018-19 | 99511 |
| 2019-20 | 47251 |
| 2020-21 | 110238 |
| ആകെ തുക | 257000 |

തുക 257000 രൂപ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-23 കരാർ ചമയ്ക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയിട്ടില്ല

1.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നം/പേര് | 244/22ഗോപാലൻ പീടിക മുച്ചിലോട്ട് വയൽ റോഡ് ടാറിംഗ് |
| അടങ്കൽ തുക,ഫണ്ടിനം | 427102തനത് ഫണ്ട്<br>422400 പദ്ധതി വിഹിതം ജനറൽ<br>198498 – മെയിന്റനൻസ് ഫണ്ട് റോഡ്<br>ആകെ 1048000 |
| പി എ സി തുക | 949407.54 |
| ബിൽ നമ്പർ, തീയതി, ചെലവ് തുക | ചെക്ക്നമ്പർ 5718051/18.02.2022 ബിൽതുക 422141<br>21190152017801100510 10-2-22 |

| | |
|---|---|
| | ബിൽതുക 422400<br>2119015201780110051 6 10-2-22 ബിൽതുക<br>198498 |
| കരാറുകാരന്റെ പേര് | ശ്രീ.പി.കെ.നീരജ് |
| എം ബുക്ക് നമ്പർ | 28/17 |
| കരാർ നമ്പർ ,തീയതി | AE/LSGD/MDR/10 14-8-20 |

AE/LSGD/munderi/20-21 തീയതി കത്ത് പ്രകാരം 22-6-20 നകം കരാർ ചമയ്ക്കേണ്ടതായി ആവശ്യപ്പെട്ടു എങ്കിലും മേൽ പ്രവൃത്തിയ്ക്ക വേണ്ടി കരാർ ചമച്ചത് 14-8-20ന് മാത്രമാണ്. എന്നാൽ പിഴ ഈടാക്കിയിട്ടില്ല.

2)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 58/22 ചാപ്പ വരയിൽ ചിറ റോഡ് റീ ടാറിംഗ് |
| അടങ്കൽ തുക, ഫണ്ടിനം | 775308 മെയിന്റനൻസ് ഫണ്ട് റോഡ് |
| പി എ സി തുക | 710407 |
| ബിൽ നമ്പർ, തീയതി, ചെലവ് തുക | 21189152017801256463 5-3-21<br>ബിൽതുക 766502 |
| കരാറുകാരന്റെ പേര് | ശ്രീ.ഷംസുദ്ധീൻ.എം.പി |
| കരാർ നമ്പർ ,തീയതി | AE/LSGD/MDR/12 /21-22 തീയതി 1-12-21 |

നം.എഇ.എൽ .എസ്.ജി.ഡി 11/21 തീ. 12-11-21 കത്ത് പ്രകാരം 26-11-2021 നകമോ പിഴ ഒടുക്കികൊണ്ട് അടുത്ത 10 ദിവസം വരേയും കരാറ് ചമയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു.എന്നാൽ 1-12-21 ന് കരാർ ചമച്ചതിന് 1% PAC പിഴ ഇനത്തിൽ ഈടാക്കിയതായി കാണുന്നില്ല.

3)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 43/22 ചാലപ്പൊയിൽ ഇരുവൻകൈ ലിങ്ക് റോഡ് |
| അടങ്കൽ തുക,ഫണ്ടിനം | 859000 മെയിന്റനൻസ് ഫണ്ട് റോഡ് |
| ബിൽ നമ്പർ,തീയതി,ചെലവ് തുക | 2119015201780148377 8 26-3-22<br>ബിൽ തുക 847531 |
| കരാറുകാരന്റെ പേര് | ശ്രീ.എം.പി.ഷംസുദ്ദീൻ |
| കരാർ നമ്പർ ,തീയതി | AE/LSGD/MDR/14 1-12-21 |
| പി എ സി തുക | 766108.43 |

AE/LSGD/munderi/20-21 തീയതി 12-11-21 കത്ത് പ്രകാരം 26-11-21 നകമോ പിഴ ഒടുക്കികൊണ്ട് അടുത്ത 10 ദിവസത്തിനുള്ളിലും കരാർ ചമയ്ക്കേണ്ടതിനായി ആവശ്യപ്പെട്ടു എങ്കിലും മേൽ പ്രവൃത്തിയ്ക്ക വേണ്ടി കരാർ ചമച്ചത് 1-12-21 ന് മാത്രമാണ്.എന്നാൽ പിഴ ഈടാക്കിയിട്ടില്ല.

4)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്ററന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 265/22 ചൂള ഇല്ലത്ത് പൊയിൽ അംഗനവാടി റോഡ് ടാറിംഗ് |

| | |
|---|---|
| അടങ്കൽ തുക, ഫണ്ടിനം | 263000 – വികസന ഫണ്ട്<br>200000 – മെയിന്റനൻസ് റോഡ് |
| പി.എ.സി. | 462136 |
| ബിൽ നംപർ,തീയതി,ചെലവ് തുക | 211905201780110053З<br>10-2-2022<br>ബിൽതുക263000<br>21190520178011005554<br>10-2-2022 199136 |
| കരാറുകാരന്റെ പേര് | ശ്രീ.നീരജ്.പി.കെ |
| എം ബുക്ക് നംപർ | 54/21-22 |
| കരാർ നമ്പർ ,തീയതി | AE/LSGD/MDR/07/20-21 Dtd 30/7/2020 |

15-6-20 ലെ എ ഇ /എൽ എസ് ജി ഡി /20-21 കത്ത് പ്രകാരം 22-6-20വരേയും പിഴ ഒടുക്കി കൊണ്ട് 30-6-20വരേയും കരാർ വെക്കാനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 30-7-2020 ന മാത്രമാണ് കരാർ ചമച്ചിരിക്കുന്നത്.എന്നാൽ പിഴ ഈടാക്കിയതായി കാണുന്നില്ല.

മേൽ പരാമർശം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/11.01.2023) നൽകിയ മറുപടിയിൽ തുക ഈടാക്കാൻ വിട്ടുപോയതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ മൂന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഇനത്തിൽ പി എ സിയുടെ 1% തുക ഈടാക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-24 അങ്കണവാടി പോഷകാഹാരം - പദ്ധതി അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ,<br>മുണ്ടേരി ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്ട് നം/ പേര് | 81/22 അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | ₹56,98,240/- (₹35,18,728- വികസന ഫണ്ട് (പൊതു വിഭാഗം), ₹21,00,000 - കേന്ദ്രാവിഷ്കൃത ഫണ്ട്, ₹79,512 – തനത് ഫണ്ട്) |
| ചെലവ് | ₹10,29,668 ബിൽ നമ്പർ 01 തീയതി 23.07.2021<br>₹1,39,289 ബിൽ നമ്പർ 02 തീയതി 24.07.2021<br>₹5,57,195 ബിൽ നമ്പർ 05 തീയതി 12.08.2021<br>₹4,73,446 ബിൽ നമ്പർ 11 തീയതി 17.08.2021<br>₹4,22,949 ബിൽ നമ്പർ 14 തീയതി 30.10.2021<br>₹2,75,693 ബിൽ നമ്പർ 22 തീയതി 18.11.2021<br>₹2,00,000 ബിൽ നമ്പർ 27 തീയതി 14.01.2022<br>₹9,62,290 ചെക്ക് നം. JC 6594020 തീയതി 03.02.2022<br>₹3,41,246 ചെക്ക് നം.JC 6594019 തീയതി 03.02.2022<br>₹4,20,488 ബിൽ നമ്പർ 31 തീയതി 22.03.2022<br>₹6,86,892 ചെക്ക് നം.JN 5864491 തീയതി 21.03.2022<br>ആകെ - ₹55,09,156 |

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

A) ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും വിതരണം ചെയ്യുന്നതിനായി തവിട് അരി, തലക്കലരി, കുത്തരി, മുട്ട എന്നിവ മുണ്ടേരി റൈസ് പ്രോസസിംഗ് യൂണിറ്റിൽ നിന്ന് എല്ലാ മാസവും വാങ്ങിയിട്ടുണ്ട്. ആയത് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണോ എന്ന് വ്യക്തമല്ല.

B) 2021 ജൂലൈ മാസം WNBP അരി, 220 മുട്ട (ആകെ 3020 Kg) വിതരണം ചെയ്യുതുമായി ബന്ധപ്പെട്ട് കയറ്റിറക്ക് കൂലി ഇനത്തിൽ കിലോക്ക് 2.75 രൂപ നിരക്കിൽ ₹8305 ജിനേഷ് കെ വി എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട് (ബിൽ നം . 05 തീയതി 12.08.2021). എന്നാൽ ഇവ സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

C) 2021 സെപ്റ്റംബർ മാസം ഭക്ഷണസാധനങ്ങളുടെ (ആകെ 1957 Kg) കയറ്റിറക്ക് കൂലി ഇനത്തിൽ കിലോക്ക് 2.75 രൂപ നിരക്കിൽ ₹5381 ജിനേഷ് കെ വി എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട് (ബിൽ നം . 14 തീയതി 30.10.2021). എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2021 സെപ്റ്റംബർ മാസം 1415 കിലോ ഭക്ഷ്യ സാധനങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത് (പഴം - 545 Kg, മുട്ട – 5450 എണ്ണം, തലക്കലരി - 54 Kg, കുത്തരി - 271 Kg). കൂടാതെ മേൽ സാധനങ്ങൾ വിതരണം ചെയ്തത് പരിശോധിച്ചപ്പോൾ 544 കിലോ തലക്കലരി വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കയറ്റിറക്ക് കൂലി ഇനത്തിൽ തുക അനുവദിച്ചപ്പോഴും സ്റ്റോക്കിൽ എടുത്തപ്പോഴും ഭക്ഷ്യധാന്യങ്ങളുടെ അളവിൽ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമല്ല. കൂടാതെ തലക്കലരി വാങ്ങിയതുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്ററിലും വിതരണ രജിസ്റ്ററിലും വ്യത്യാസം വന്നതിന്റെയും കാരണം വ്യക്തമല്ല.

D) 2021 ഒക്ടോബർ മാസം ചുവടെ ചേർത്ത ഭക്ഷണസാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ₹2,81,664 കാഞ്ഞിരോട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് നീതി സ്റ്റോറിന് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | വാങ്ങിയ അളവ് (കിലോ ഗ്രാം) | യൂണിറ്റ് വില | ആകെ വില |
|---|---|---|---|---|
| 1 | ഗോതമ്പ് നുറുക്ക് | 2350 | 38 | 89,300 |
| 2 | ചെറുപയർ | 560 | 90 | 50,400 |
| 3 | ഉഴുന്ന് | 413 | 103 | 42,539 |
| 4 | വെളിച്ചെണ്ണ | 485 | 205 | 99,425 |
| ആകെ | | | | 2,81,664 |

മേൽ പട്ടികയിലെ ഭക്ഷ്യ വസ്തുക്കൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

E) സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ അങ്കണവാടികളിൽ വിതരണം ചെയ്ത ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

F) ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർ ദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ 1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ ഊർജ്ജശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്, കാഞ്ഞിരോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കി, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ സർക്കുലർ നം. ഡി.എ 1/87/2019 ത.സ്വ.ഭ.വ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് ഒടുക്കാതെ, തുക പൂർണ്ണമായും സപ്ലെയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ഇൻവോയിസ് നം, തീയതി | ഇൻവോയിസ് തുക |
|---|---|---|
| 1 | 24 തീയതി 28.02.2021 | 2,28,465 |
| 2 | 24 തീയതി 27.03.2021 | 2,19,535 |

| | | |
|---|---|---|
| 3 | 02 തീയതി 30.04.2021 | 2,07,876 |
| 4 | 04 തീയതി 02.06.2021 | 2,09,612 |
| 5 | 05 തീയതി 24.06.2021 | 1,97,032 |
| 6 | 07 തീയതി 23.07.2021 | 2,06,388 |
| 7 | 12 തീയതി 30.09.2021 | 2,09,612 |
| 8 | 10 തീയതി 01.09.2021 | 2,12,093 |
| 9 | 14 തീയതി 01.11.2021 | 1,64,468 |
| 10 | 15 തീയതി 22.11.2021 | 1,64,468 |
| 11 | 17 തീയതി 24.12.2021 | 1,70,667 |
| 12 | 20 തീയതി 28.01.2022 | 1,80,837 |
| 13 | 22 തീയതി 04.03.2022 | 1,80,093 |
| ആകെ | | 2551146 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40 തീയതി 13.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ കാരണം വിശദമാക്കിയും പരിഹാര നടപടികൾ സ്വീകരിച്ചും ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 കാഴ്ച വൈകല്യമുള്ളവർക്ക് ലാപ് ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -പദ്ധതി അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ,<br>മുണ്ടേരി ഗ്രാമപഞ്ചായത്ത്. |
| പദ്ധതിയുടെ പേര് | കാഴ്ച വൈകല്യമുള്ളവർക്ക് ലാപ് ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| പ്രൊജക്റ്റ് നം | 158/22 |
| അടങ്കൽ | ₹50,000/ - വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | വൌച്ചർ നം. XVFC/2021-22/P/9 തീയതി 22.03.2022 ₹43,981 |

കാഴ്ച വൈകല്യമുള്ളവർക്ക് ബ്രയിലി ലാപ്പ്ടോപ്പ് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി നൽകുന്നതിനാണ് പദ്ധതി അവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ₹43,981 ചെലവഴിച്ച് കെൽട്രോണിൽ നിന്ന് ഒരു ലാപ്പ്ടോപ്പ് വാങ്ങി ശംസുദ്ദീൻ പി എ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങൾ കാണാൻ സാധിച്ചു.

1) കാഴ്ച വൈകല്യമുള്ളവർക്ക് നൽകേണ്ട ലാപ്പ്ടോപ്പുകളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾ 23/06/2020 ലെ സ ഉ (സാധാ) നം.1237/2020/ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്ന് വാങ്ങിയ ലാപ്പ്ടോപ്പ് ഇത് പ്രകാരമുള്ളതാണോ എന്ന് വ്യക്തമല്ല.

2) കെൽട്രോണിൽ നിന്നുള്ള ഒറിജിനൽ ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല.

3) ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ ആദ്യ രണ്ട് വ്യക്തികളെ മറികടന്ന് മൂന്നാമതുള്ള വ്യക്തിക്കാണ് ലാപ്പ്ടോപ്പ് നൽകിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41 തീയതി 13.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

കാഴ്ചയുള്ളവർ ഉപയോഗിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട സ്പെസിഫിക്കേഷൻ കാഴ്ചപരിമിതരുടെ കമ്പ്യൂട്ടറുകൾക്ക് ആവശ്യമാണ്. കാഴ്ചപരിമിതരുടെ കമ്പ്യൂട്ടറുകൾക്ക് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾ 23/06/2020 ലെ സ ഉ (സാധാ) നം.1237/2020/ത.സ്വ.ഭ.വ ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകൾ CPRCS പോർട്ടലിൽ ലഭ്യമല്ലാത്തതിനാൽ ആയവ GeM മുഖേനയോ ഇ-ടെണ്ടർ മുഖേനയോ വാങ്ങാവുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം

പദ്ധതികൾ നടപ്പിലാക്കുമ്പോൾ കാഴ്ചപരിമിതർക്ക് ഉപയോഗപ്രദമായ സ്പെസിഫിക്കേഷനിലുള്ള കംപ്യൂട്ടറുകളാണ് വാങ്ങി നൽകുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-26 മൃഗാശുപത്രിക്ക് ഇൻവേർട്ടർ വാങ്ങൽ (സ്പിൽ ഓവർ)- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹45000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 159/22, മൃഗാശുപത്രിക്ക് ഇൻവേർട്ടർ വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ ₹50000 | ₹16294 (തനത് ഫണ്ട്)<br>₹33706 (സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| ചെലവ് ₹45000 | ₹11294വൗച്ചർ നമ്പർ 22100614, 30-3-2022<br>₹33706, ബിൽ നമ്പർ 4/21-22, 27-3-22 |

GEM പോർട്ടൽ വഴി വാങ്ങാൻ തീരുമാനിക്കുകയും സാങ്കേതിക പ്രശ്നങ്ങൾ ഉള്ളതിനാലും സാമ്പത്തിക വർഷം അവസാന ഘട്ടത്തിൽ ഫണ്ട് ലാപ്സാവാതിരിക്കാനും വേണ്ടി നേരിട്ട് വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു (8-3-22 ലെ 44/22(1) നമ്പർ ഭരണസമിതി തീരുമാനം) 2KVA ഇൻവേർട്ടറിന് പി ഡബ്ല്യൂ ഡി 46000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിരുന്നു. ആയത് പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് (₹45000) ക്വാട്ട് ചെയ്ത സി പി ആർ ഓട്ടോ ഇലക്ട്രിക്കൽസ് & ഇൻവേർട്ടേർസ്, വെള്ളിക്കുളങ്കര, വടകര എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

വടകര ഇൻവേർട്ടർ ഹൗസിന്റെ 25-3-22 ലെ 2021-22/1241 നമ്പർ ഇൻവോയ്സ് പ്രകാരം 12000 /- രൂപയുടെ 2 KVA ഇൻവേർട്ടറും വടകര ബാറ്ററി ഹൗസിന്റെ 25-3-22 ലെ A5116 നമ്പർ ഇൻവോയ്സ് പ്രകാരം 24000/- രൂപയുടെ ബാറ്ററി വാങ്ങുകയും (ആകെ ₹36000) ₹45000 രാഗേഷ് എന്ന വ്യക്തിയുടെ 68850100002705 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 9000/- രൂപയുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അംഗീകരിച്ച ക്വട്ടേഷൻ പ്രകാരമുള്ള സ്ഥാപനത്തിന്റെ പേരും ഇൻവേർട്ടർ, ബാറ്ററി എന്നിവ ലഭ്യമാക്കിയ സ്ഥാപനങ്ങളുടെ പേരുകളും പൊരുത്തപ്പെടുന്നില്ല. അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/10.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 45000 തടസ്സപ്പെടുത്തുന്നു.

## 1-27 താറാവ് വിതരണം- രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല. ചെലവ് തുക ₹120000 തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 211/22, താറാവ് വിതരണം- ജനറൽ |
| അടങ്കൽ ₹120000 | ₹60000 (വികസന ഫണ്ട് ജനറൽ)<br>₹60000 (മറ്റുള്ളവ) |
| ചെലവ് ₹120000 | ബിൽ നമ്പർ 3/21-22, 24-3-2022 |

50% സബ്സിഡി നിരക്കിൽ വാർഷിക വരുമാനം 500000 /- യിൽ കുറവുള്ള 200 നാമമാത്ര ചെറുകിട കർഷകർക്ക് ഒരാൾക്ക് 5 വീതം താറാവുകളെ വിതരണം ചെയ്ത് മുട്ട വില്പനയിലൂടെ വരുമാനം വർദ്ധിപ്പിക്കുവാനും അതുവഴി സ്വയം

പര്യാപ്തത കൈവരിക്കാനമായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ തിരുവല്ലയിലെ വാഴക്കൂട്ടത്തിൽ ഡക്ക് എഗ്ഗർ നഴ്സറിയിൽ നിന്നും ₹120000യ്ക്ക് 1000 താറാവിൻ കുഞ്ഞുങ്ങളെ വാങ്ങി (ഇൻവോയ്സ് നമ്പർ 181/20-3-22) സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. താറാവിൻ കുഞ്ഞുങ്ങളെ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹120000 തടസ്സപ്പെടുത്തുന്നു.

## 1-28 കന്നുകുട്ടികളെ ദത്തെടുക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 28/22, കന്നുകുട്ടികളെ ദത്തെടുക്കൽ |
| അടങ്കൽ ₹1250000 | ₹312500 (വികസന ഫണ്ട് ജനറൽ)<br>₹312500 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>₹625000 (മറ്റുള്ളവ) |
| ചെലവ് ₹312500 | ബിൽ നമ്പർ 1/21-22, 20-1-2022 |

മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ കന്നുകുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതിയാണിത്. 4-6 മാസം പ്രായമുള്ള പെൺകിടാരികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കന്നുകുട്ടിക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുകയും പദ്ധതിക്കാലയളവ് തീരുന്നതുവരെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു. 50 ഗുണ ഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്ത മുണ്ടേരി, കാഞ്ഞിരോട് ക്ഷീര സഹകരണ സംഘങ്ങൾ വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പദ്ധതിയുടെ ഭാഗമായി ₹3,12,500 പിൻവലിച്ച് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം/നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 ആർദ്രം പദ്ധതി, ഇവനിംഗ് ഒ പി നടപ്പിലാക്കൽ - ചെലവു രേഖകൾ ലഭ്യമാക്കിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി. |
| പ്രോജക്ട് നമ്പർ, പേര് | 18/22, ആർദ്രം പദ്ധതി, ഇവനിംഗ് ഒ പി നടപ്പിലാ ക്കൽ |
| അടങ്കൽ ₹550800 | ₹275400(വികസന ഫണ്ട്, ജനറൽ)<br>₹275400 ( തനത് ഫണ്ട്) |
| ചെലവ് ₹389520<br>ബിൽ/ചെക്ക് നമ്പർ, തീയതി | ₹68850, 211901252017400175796, 6-7-21<br>₹44200, 211901252017400264493, 4-8-21<br>₹45050, 211901252017400397386 ,9-9-21<br>₹112200, 211901252017400789962, 13-12-21<br>₹22950, ചെക്ക് നമ്പർ JH 0961393, 31-1-22<br>₹22100, ചെക്ക് നമ്പർ JH 0961394, 25-2-22<br>₹29970, ചെക്ക് നമ്പർ JH 0961394, 25-2-22<br>₹5100, 211901252017401227570 2-3-22<br>₹16150, ചെക്ക് നമ്പർ JH 0961395, 15-3-22<br>₹22950 – ചെക്ക് നമ്പർ ലഭ്യമല്ല |

ആർദ്രം പദ്ധതിയുടെ ഭാഗമായ ഇവനിംഗ് ഒ പിയിലെ ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് വേതനം നൽകുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ₹22950 രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും മറുപടി / രേഖകൾ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയിട്ടില്ല. ചെലവുരേഖകൾ പരിശോധനക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-30 പാലിയേറ്റീവ് പരിചരണ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല.ചെലവ് തുക 596448 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി. |
| പ്രോജക്റ്റ് നമ്പർ, പേര് | 9/22, പാലിയേറ്റീവ് പരിചരണ പദ്ധതി |
| അടങ്കൽ ₹700000 | ₹350000(വികസന ഫണ്ട്, ജനറൽ)<br>₹200000 ( മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹150000 (മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് ₹596448<br>ബിൽ/ചെക്ക് നമ്പർ, തീയതി | ₹160550, 21190125201740030387, 13-8-21<br>₹35630, 21190125201740039740 ,9-9-21<br>₹138701, 211901252017400810021 3 ,17-12-21<br>₹106890,ബിൽ നമ്പർ ലഭ്യമല്ല, 29-12-21<br>₹43110, ബിൽ നമ്പർ ലഭ്യമല്ല, 7-3-22<br>₹15102, 21190125201740128679 1, 9-3-22<br>₹76453, 18/21-22, 19-3-22<br>₹ 20012, 20/21-22, 27-3-22 |

പാലിയേറ്റീവ് ഹോംകെയർ പരിപാടിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹോം കെയർ വിസിറ്റ് നടത്തുന്നതിനും കിടപ്പുരോഗികൾക്കാവശ്യമായ മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി തയ്യാറാക്കിയ പ്രോജക്ടിൽ ഹോംകെയർ വിസിറ്റ് നടത്തിയതിന്റെ വാഹനവാടകയിനത്തിലും മരുന്ന്, ഉപകരണ ങ്ങൾ വാങ്ങുന്നതിനും ഹോം കെയർ ടീമിന്റെ ഭക്ഷണച്ചെലവിനും പാലിയേറ്റീവ് ദിനാചരണം നടത്തുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും ആയവ മുഴുവനായി ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | മുൻകൂർ തുക നൽകിയ സ്ഥാപനം | പ്രഫോർമ ഇൻവോയ്സ് നമ്പർ, തീയതി | ഒടുക്കിയ തുക | ലഭിച്ച മരുന്നിന്റെ ഇൻവോയ്സ് നമ്പർ, തീയതി | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | 211901252017400810021 3 ,17-12-21 | KMSCL | 3532,24-11-21 | ₹138701, | 15265/29-3-22, ₹24405<br>3049/28-5-22, ₹44924<br>3050/28-5-22, ₹21597<br>12338/28-9-22, ₹8811<br>14044/17-10-22, ₹3841<br>15475/31-10-22, ₹18011 | ₹15847 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 20193/15-12-22, ₹1265 | |

2. ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബാക്കി മരുന്ന് / ഉപകരണങ്ങൾ ലഭിച്ചതിന്റെ അസ്സൽ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ബിൽ നമ്പർ 20/21-22, 27-3-22 പ്രകാരം പിൻവലിച്ച ₹ 20012 രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മറുപടി/രേഖകൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.49/13.01.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക 596448 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല -₹99999-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി. |
| പ്രോജക്ട് നമ്പർ, പേര് | 56/22, കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ |
| അടങ്കൽ | ₹100000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹99999, 19/21-22, 19-3-22 |

1.കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ പദ്ധതിയുടെ ഭാഗമായി മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും ആയവ മുഴുവനായി ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | മുൻകൂർ തുക നൽകിയ സ്ഥാപനം | പ്രഫോർമ ഇൻവോയ്സ് നമ്പർ, തീയതി | ഒടുക്കിയ തുക | ലഭിച്ച മരുന്നിന്റെ ഇൻവോയ്സ് നമ്പർ, തീയതി, തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | 19/21-22, 19-3-22 | KMSCL | 2399,30-9-21 | ₹99999 | 14042/17-10-22, ₹6426<br>9351/25-8-22, ₹28944 | ₹64629 |

2. ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബാക്കി ₹64629 മരുന്ന് / ഉപകരണങ്ങൾ ലഭിച്ചതിന്റെ അസ്സൽ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ജി ഒ (പി) നം. 177/2006/ഫിൻ തീയതി 12.4.2006 ഉത്തരവിലെ ഖ.18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ്, ചെലവ് വിവരം രേഖപ്പെടുത്തണമെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വരവ്, ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ക്യാഷ് ബുക്ക്, സബ്സിഡയറി ക്യാഷ് ബുക്ക് എന്നിവ മെഡിക്കൽ ഓഫീസർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 47/13.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹99999-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 എസ്.എസ്.കെ. വിഹിതം നൽകിയത്- ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, |
| പ്രോജക്റ്റ് നമ്പർ, പേര് | 69/22, എസ്.എസ്.കെ. വിഹിതം നൽകൽ |
| അടങ്കൽ | ₹ 10,00,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹ 1000000, 1/21-22, തീയതി 12-08-2021 |

സമഗ്ര ശിക്ഷാ പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതമായ 40% തുകയിൽ എലിമെന്ററി വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കായുള്ള തുക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന്റെ ഭാഗമായി എസ് എസ് കെ സംസ്ഥാന പ്രോജക്റ്റ് ഡയറക്ടറുടെ 5-7-2021 ലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ 2021-22 ലെ ആന്വൽ വർക്ക് പ്ലാൻ & ബഡ്ജറ്റ് പ്രകാരം ഡിമാന്റ് ചെയ്ത 1665683/- രൂപയിൽ 1000000/-രൂപ മേല്പറഞ്ഞ ബിൽ പ്രകാരം പിൻവലിച്ച് കണ്ണൂർ ജില്ലാ എസ് എസ് കെ പ്രോജക്റ്റ് ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിലേക്ക് (799012700001800) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രോജക്റ്റ് ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും 2021-22 വർഷത്തെ ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള പദ്ധതിയുടെ വിശദമായ ചെലവ് വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.എ പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണസ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തേക്ക് എസ്. എസ്.എ ആവിഷ്കരിച്ച പദ്ധതികളിൽ പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം/ മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/10.01.2023) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-33 തുല്യതാ പഠനം – സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും രശീത് ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 71/22, തുല്യതാ പഠനം |
| അടങ്കൽ | ₹1,00,000 (തനത് ഫണ്ട്) |
| ചെലവ് | ₹79,150 |
| ബിൽ നമ്പർ, തീയതി | BRN No. 21190552015601031937, 29-1-2022 |

തുല്യത പരീക്ഷകൾക്കുവേണ്ടി മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ തുടർവിദ്യാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പത്താംതരം, ഹയർ സെക്കന്ററി പഠിതാക്കളുടെ കോഴ്സ് ഫീസ് സാക്ഷരത മിഷനിൽ ഒടുക്കുന്നതിനാണ് മേൽ പ്രോജക്റ്റ് നടപ്പിലാക്കിയത്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തി വരുന്ന ഹയർസെക്കന്ററി തുല്യത കോഴ്സിൽ 25 പഠിതാക്കളെയും പത്താംതരം തുല്യതക്ക് 9 പഠിതാക്കളേയും രജിസ്റ്റർ ചെയ്യിക്കുകയും പ്ലസ്സ് വൺ കോഴ്സ് ഫീസായി മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 25 പഠിതാക്കൾക്ക് ഒരു പഠിതാവിന് ₹ 2500 പ്രകാരം 62,500 രൂപയും പത്താംതരം തുല്യത കോഴ്സിൽ 9പഠിതാക്കൾക്ക് ഒരു പഠിതാവിന് ₹ 1850 പ്രകാരം 16,650 രൂപയും കൂടി ആകെ 79150 രൂപ പദ്ധതി പ്രകാരം പിൻവലിച്ച് സാക്ഷരത മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് (₹62500ഹയർസെക്കന്ററി തുല്യത അക്കൗണ്ട് നമ്പർ 02880100113107 ലേക്കും ₹16,650 പത്താംതരം തുല്യത അക്കൗണ്ട് നമ്പർ 57026996123 ലേക്കും). പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു. കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിൽ നിന്നും ₹16,650/- യുടെ രശീതി ലഭ്യമായിട്ടുണ്ട് (26-5-22 ലെ 2784/21/KSLMA നമ്പർ രശീതി). എന്നാൽ 62,500/- രൂപ കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രശീതിയും സാക്ഷരത മിഷനിൽ നിന്നുള്ള തുല്യത പഠന പദ്ധതിയുടെ തുടർനടപടി വിവരങ്ങളും ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-34 പദ്ധതി നിർവ്വഹണം - ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല, ചെലവുതുക 379420/- രൂപ തടസ്സപ്പെടുത്തുന്നു.

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം 2 പ്രോജക്ടുകൾ നടപ്പിലാക്കി യിട്ടുണ്ട്. എന്നാൽ ചെലവുമായി ബന്ധപ്പെട്ട ഭാഗികമായ രേഖകൾ മാത്രമേ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ, പേര് | അടങ്കൽ | ചെലവ് | ഹാജരാക്കിയ രേഖകൾ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 36/22, ബയോഫ്ലോക് മത്സ്യകൃഷി | ₹18400,വികസന ഫണ്ട് ജനറൽ<br>₹18400 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹18400 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹82800 മറ്റുള്ളവ<br>ആകെ ₹138000 | ₹18400,വികസന ഫണ്ട് ജനറൽ<br>₹18400 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹18400 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹82800 മറ്റുള്ളവ<br>ആകെ ₹138000 | വികസന ഫണ്ട് ₹18400 ചെലവഴിച്ചതിന്റെ ബിൽ മാത്രം<br>BRN 21190152036401398677, 21-3-22 | പ്രോജക്ട് കോപ്പി, ഗുണഭോക്തൃ ലിസ്റ്റ്, മറ്റ് ഫണ്ടുകൾ ചെലവഴിച്ചതിന്റെ ബില്ലുകൾ, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ, പദ്ധതി നടപ്പിലാക്കിയത് തെളിയിക്കുന്ന രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് |
| 2 | 117/22, വീട്ടുവളപ്പിൽ മത്സ്യകൃഷി(പടുതാക്കുളം) | ₹32800,വികസന ഫണ്ട് ജനറൽ<br>₹32800 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹32800 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹147600 മറ്റുള്ളവ<br>ആകെ ₹246000 | ₹32190,വികസന ഫണ്ട് ജനറൽ<br>₹32189 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹32189 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹144852 മറ്റുള്ളവ<br>ആകെ ₹241420 | വികസന ഫണ്ട് 32190ചെലവഴിച്ചതിന്റെ ബിൽ മാത്രം<br>BRN 21190152036401398653, 21-3-22 | പ്രോജക്ട് കോപ്പി, ഗുണഭോക്തൃ ലിസ്റ്റ്, മറ്റ് ഫണ്ടുകൾ ചെലവഴിച്ചതിന്റെ ബില്ലുകൾ, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ, പദ്ധതി നടപ്പിലാക്കിയത് തെളിയിക്കുന്ന രേഖകൾ, മോണിറ്ററിംഗ് |

| | | | | | |
|---|---|---|---|---|---|
| | | | | | റിപ്പോർട്ട് |

പദ്ധതി നടത്തിപ്പിലെ മറ്റ് അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജി ഒ (പി) നം. 177/2006/ഫിൻ തീയതി 12.4.2006 ഉത്തരവിലെ ഖ.18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ്, ചെലവ് വിവരം രേഖപ്പെടുത്തണമെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വരവ്, ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ ഇപ്രകാരമുള്ള ക്യാഷ് ബുക്ക്, സബ്സിഡയറി ക്യാഷ് ബുക്ക് എന്നിവ സൂക്ഷിച്ചിട്ടില്ല.

2. പ്രോജക്ടിന്റെ കോപ്പി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ പ്രോജക്ട് നിർവഹണം എപ്രകാരമാണെന്നും എത്ര പേർക്ക് വേണ്ടിയാണ് വിഭാവനം ചെയ്തതെന്നും വ്യക്തമല്ല.

3.പ്രൊജക്ടിന്റെ പൂർത്തീകരണവിവരം, മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക 379420/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 വാട്ടർ ടാങ്ക് വാങ്ങൽ (പട്ടികജാതി)-അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | വാട്ടർ ടാങ്ക് വാങ്ങൽ (പട്ടികജാതി) |
| പ്രൊജക്ട് നം | 17/2022 |
| അടങ്കൽ | 100000 |
| ഫണ്ടിനം | 20000 (വികസനഫണ്ട്-എസ് സി പി)<br>55000(തനത് ഫണ്ട്)<br>25000 (ഗുണഭോക്തൃവിഹിതം) |
| ചെലവ് | 98725<br>20000( വികസനഫണ്ട്-എസ് സി പി)<br>53725(തനത് ഫണ്ട്)<br>25000 (ഗുണഭോക്തൃവിഹിതം) |
| ബിൽ നമ്പർ/തീയതി | 04/2021-22 തീയതി 04-01-2022-20000<br>5114319601210005/03-01-2022-53725<br>5114319601210004/03-01-2022-25000 |

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്.താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിക്കുകയും അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനം 500 ലിറ്റർ അളവുള്ള വാട്ടർ ടാങ്ക് 15 വർഷത്തെ വാറന്റിയോടുകൂടി 3949 രൂപക്ക് ക്വോട്ട് ചെയ്തിട്ടുണ്ട്.

അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും 98725 രൂപ 118111100001404 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.പ്രസ്തുത സ്ഥാപനത്തിന്റെ 28-12-2021 തീയതിയിലെ സി എം 40 കാഷ് ഇൻവോയ്സ് പ്രകാരം 25 വാട്ടർ ടാങ്കുകൾ ലഭിച്ചിട്ടുണ്ട്.

പ്രൊക്യൂർമെന്റ് കമ്മിറ്റി 15-11-2021തീയതിയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അർജ്ജുൻ അസോസിയേറ്റ്സ്

എന്ന സ്ഥാപനം വിതരണം ചെയ്യുന്ന 3949 രൂപ വിലയുള്ള 15 വർഷം വാറന്റിയോടുകൂടിയുള്ള വാട്ടർ ടാങ്ക് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.എന്നാൽ സ്ഥാപനത്തിൽ നിന്നും ലഭ്യമായ കാഷ് ഇൻവോയ്സിലോ 15 വർഷം വാറന്റി വിവരം രേഖപ്പെടുത്തിയിട്ടില്ല.സ്ഥാപനം ടെണ്ടറിൽ വാഗ്ദാനം നൽകിയ 15 വർഷം വാറന്റി എന്നതിന് ആവശ്യമായ കരാറോ,കാഷ് ഇൻവോയ്സോ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.കൂടാതെ

താഴെ കൊടുത്ത ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കേിയിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | ശ്രീനിവാസൻ മാര്യാൻകണ്ടി | 16 | പട്ടികജാതികാരനാണെന്ന് തെളിയിക്കുന്ന രേഖ |
| 2 | ശാരദ കെ | 19 | പട്ടികജാതിക്കാരനാണെന്ന് തെളിയിക്കുന്ന രേഖ |

പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/2022 തീയതി 12-01-2023) അർജ്ജുൻ അസോസിയേറ്റ്സ് 15 വർഷം വാറന്റിയുള്ള വാട്ടർ ടാങ്കുകളാണ് നൽകിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത രേഖകളോടൊപ്പം ഖണ്ഡികയിൽ പരാമർശിച്ച മറ്റ് രേഖകളും പരിശോധനക്ക് ലഭ്യമാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-36 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ (പട്ടികജാതി)-അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ (പട്ടികജാതി) |
| പ്രൊജക്ട് നം | 31/2022 |
| അടങ്കൽ | 86000 |
| ഫണ്ടിനം | വികസനഫണ്ട്(എസ് സി പി) |
| ചെലവ് | 85960 |
| ബിൽ നമ്പർ/തീയതി | 08/2021-22 തീയതി 17-02-2022 |

പട്ടികജാതി കുടുംബങ്ങളിലെ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്.താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ച് അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങിച്ചിട്ടുള്ളത്.

| ടെണ്ടറിൽ പങ്കെടുത്തവരുടെ വിവരങ്ങൾ | തരം | ക്വോട്ട് ചെയ്ത തുക | റിമാർക്സ് |
|---|---|---|---|
| ന്യൂ മലബാർ ഫർണ്ണിച്ചർ | മഹാഗണി (Plywood Top) | 4300 | |
| അർജ്ജുൻ അസോസിയേറ്റ്സ് | മഹാഗണി (Plywood Top) | 4298 | 15 വർഷത്തെ വാറന്റി |
| അസിം ഡിസൈനിംഗ് ആന്റ് ഇന്റീരിയേഴ്സ് | മഹാഗണി (Plywood Top) | 3398 | 3 വർഷത്തെ വാറന്റി |

അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും 85960 രൂപ 11811100001404 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.പ്രസ്തുത സ്ഥാപനത്തിന്റെ 28-12-2021 തീയതിയിലെ സി എം 40 കാഷ് ഇൻവോയ്സ് പ്രകാരം 20 കട്ടിലുകൾ ലഭിച്ചിട്ടുണ്ട്.

പ്രൊക്യൂർമെന്റ് കമ്മിറ്റി 15-11-2021 തീയതിയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അർജ്ജുൻ അസോസിയേറ്റ്സ്

എന്ന സ്ഥാപനം വിതരണം ചെയ്യുന്ന 4298 രൂപ വിലയുള്ള 15 വർഷം വാറന്റിയോടുകൂടിയുള്ള മഹാഗണിയുടെ കട്ടിൽ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്നും ലഭ്യമായ കാഷ് ഇൻവോയ്സിൽ 15 വർഷം വാറന്റി വിവരം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനം ടെണ്ടറിൽ വാഗ്ദാനം നൽകിയ 15 വർഷം വാറന്റി എന്നതിന് ആവശ്യമായ കരാറോ, കാഷ് ഇൻവോയ്സോ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

താഴെ കൊടുത്ത ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | ജഗജീവൻ | 2 | പട്ടികജാതിക്കാരനാണെന്ന് തെളിയിക്കുന്ന രേഖ. |

പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/2022 തീയതി 12-01-2023) അർജ്ജുൻ അസോസിയേറ്റ്സ് 15 വർഷം വാറന്റിയുള്ള കട്ടിലാണ് നൽകിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത രേഖകളോടൊപ്പം ഖണ്ഡികയിൽ പരാമർശിച്ച മറ്റ് രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 ഐ കെ എം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 3/22,ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ/ചെലവ് | ₹82973 (വികസന ഫണ്ട്) |
| ബിൽ നം. & തീയതി | 105/2021-22 തീയതി 27-11-2021 |

₹82973 ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള 57047023512 അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/11-01-2023) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-38 ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഫർണ്ണിച്ചർ,കാബിൻ സൗകര്യം-സ്റ്റോക്ക് രജിസ്റ്ററും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതിയുടെ പേര് | ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഫർണ്ണിച്ചർ,കാബിൻ സൗകര്യം |
| പ്രൊജക്ട് നം | 241/2022 |
| അടങ്കൽ | 1750000 |
| ചെലവ് | 1729162 |
| വൗച്ചർ നമ്പർ/തീയതി | 22100593/22-03-2022 |

ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഫർണ്ണിച്ചർ,കാബിൻ സൗകര്യം എന്ന പദ്ധതി നടത്തിപ്പിലേക്ക് സർക്കാർ അംഗീകൃത ഏജൻസിയായ റബ്കോ എന്ന സ്ഥാപനത്തിൽ നിന്നും ഫർണ്ണിച്ചറുകളും കാബിനുകളും വാങ്ങിക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്.പ്രൊജക്ടിന്റെ ഭാഗമായി താഴെ കൊടുത്ത ഇനം ഫർണ്ണിച്ചറുകളും കാബിനുകളും വാങ്ങിച്ചിട്ടുണ്ട്.

| ക്രമനം | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | Shelf BIG | 3SQM | 10456 | 31368 |
| 2 | Shelf BIG | 3 SQM | 10456 | 31368 |

| | | | | |
|---|---|---|---|---|
| 3 | Managers Table | 2 | 14940 | 29880 |
| 4 | Executive Chair(Revolving) | 2 | 5853 | 11706 |
| 5 | Wooden Chair With ARM | 4 | 2143 | 8572 |
| 6 | Partition As Per Draw | 2.60 SQM | 3885 | 10101 |
| 7 | Work Station | 6 | 21654 | 129924 |
| 8 | Executive Visitors Chair | 6 | 4401 | 26406 |
| 9 | Shelf BIG | 10 | 19868 | 198680 |
| 10 | Partition As Per Draw | 10 SQM | 3885 | 38850 |
| 11 | Door For Partition | 1 | 13136 | 13136 |
